# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിണ്ടിമന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി7-1559/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിണ്ടിമന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി7-1559/2021 തീയ്യതി: 13/06/2022

## എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 18-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വിജയകുമാർ എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. വിജു എം.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സന്തോഷ് കുമാർ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. മുഹമ്മദ് ഷാഫി എം., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജെയ്സൺ ഡാനിയേൽ | പ്രസിഡന്റ് | 01-04-2020 | 20-12-2020 |
| ശ്രീമതി.ജെസി സാബു | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.മൈതീൻ.എം.എം | സെക്രട്ടറി | 01-04-2020 | 25-01-2021 |
| ശ്രീ മനോജ് കൃഷ്ണൻ | സെക്രട്ടറി | 26-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജയകുമാർ.കെ.യു | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷൈലജ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സ്വപ്ന മാത്യൂ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 09-02-2021 |
| ശ്രീമതി ഹനീസ .കെ.എച്ച് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-02-2021 | 31-03-2021 |
| ശ്രീമതി.അഞ്ജു.സി | കൃഷി ഓഫീസർ | 01-04-2020 | 28-02-2021 |
| ശ്രീ.ഹനീഫ | കൃഷി ഓഫീസർ | 01-03-2021 | 31-03-2021 |
| ഡോ.ദിവ്യ രാജേന്ദ്രൻ | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ശുഭ.എം.ആർ | മെഡിക്കൽ ഓഫീസർ.ആയ്യൂർവേദം | 01-04-2020 | 31-03-2021 |
| ഡോ.ശാന്ത റാം | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 07-11-2020 |
| ഡോ.വിജിത.എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 08-11-2020 | 31-03-2021 |
| ശ്രീമതി ലൈല.കെ.എൻ | ഹെഡ് മിസ്ട്രസ്,ചെങ്കര ഗവ.യു.പി.എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി എലിസബത്ത്.സി.ജോർജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.മുഹമ്മദ് റഷാദ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി .രമ്യ.കെ.പി | വി.ഇ.ഒ.പിണ്ടിമന | 01-04-2020 | 13-07-2020 |

| | | | |
|---|---|---|---|
| ശ്രീമതി.രശ്മി.എൻ.എൻ | വി.ഇ.ഒ.പിണ്ടിമന | 14-07-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 14-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 19-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 14-12-2021) | 1-3 |
| 4 | ഫണ്ട് വിശകലനം<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 14-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 14-12-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: N.Vijayakumar (Audit Officer (HG), On 28-10-2021)<br>Last Updated By: Joby George (Computer Assistant, On 14-12-2021) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 28-10-2021)<br>Last Updated By: Joby George (Computer Assistant, On 14-12-2021) | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം.<br>Written By: N.Vijayakumar (Audit Officer (HG), On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 14-12-2021) | 1-10 |
| 11 | ഗ്രാമ സഭ - നിയമാനുസൃതം കൂടുന്നില്ല<br>Written By: Viju M S (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 14-12-2021) | 1-11 |
| 12 | എഫ് .ടി.ഇ.ഒ -ലൈസൻസ് അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 14-12-2021) | 1-12 |
| 13 | ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു<br>Written By: Muhammed Shafi V M (Auditor, On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 14-12-2021) | 1-13 |
| 14 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Viju M S (Senior Grade Auditor, On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 14-12-2021) | 1-14 |
| 15 | ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം.<br>Written By: Viju M S (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-15 |
| 16 | ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- ഒരവലോകനം. | 1-16 |

| | | |
|---|---|---|
| | Written By: Viju M S (Senior Grade Auditor, On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | |
| 17 | നിയമാനുസൃത ബിൽ ഹാജരാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-17 |
| 18 | ബിരുദ -ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്-ക്യാഷ് ബില്ലിൽ അധിക തുക നല്കി. (എസ്.സി)<br>Written By: Viju M S (Senior Grade Auditor, On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 14-12-2021) | 1-18 |
| 19 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയില്ല<br>Written By: N.Vijayakumar (Audit Officer (HG), On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-19 |
| 20 | ഘടകസ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവുകൾ- വിനിയോഗം ഉറപ്പുവരുത്താതെ മുൻകൂർ നൽകി<br>Written By: Joseph George (Senior Grade Auditor, On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-20 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകൾക്ക് വിനിയോഗവിവരങ്ങളില്ല<br>Written By: Joseph George (Senior Grade Auditor, On 29-10-2021)<br>Last Updated By: Sheheer (Senior Grade Auditor, On 07-06-2022) | 1-21 |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പൊതു അപാകങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 29-10-2021)<br>Last Updated By: Sheheer (Senior Grade Auditor, On 07-06-2022) | 1-22 |
| 23 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ<br>Written By: N.Vijayakumar (Audit Officer (HG), On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-23 |
| 24 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല<br>Written By: N.Vijayakumar (Audit Officer (HG), On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-24 |
| 25 | ബിറ്റുമിൻ ബാരൽ വില ക്രമവിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.<br>Written By: N.Vijayakumar (Audit Officer (HG), On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-25 |
| 26 | പ്രീ മൺസൂൺ– തുകയുടെ വിനിയോഗ വിവരങ്ങളില്ല<br>Written By: Santhosh Kumar M (Auditor, On 31-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-26 |
| 27 | തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് അടയ്ക്കുന്നതിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 31-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-27 |
| 28 | തിരികെ ലഭിക്കാനുള്ള ഫെസ്റ്റിവൽ അഡ്വാൻസ് - വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Santhosh Kumar M (Auditor, On 31-10-2021)<br>Last Updated By: Joby George (Computer Assistant, On 14-12-2021) | 1-28 |
| 29 | പാലിയേറ്റീവ് കെയർ- മരുന്നുകൾ ലഭ്യമായില്ല.<br>Written By: Santhosh Kumar M (Auditor, On 31-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-29 |
| 30 | അജൈവ മാലിന്യശേഖരണവും നീക്കം ചെയ്യലും-പദ്ധതിയിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 31-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-30 |
| 31 | ഓഡിറ്റ് ഇംപാക്ട്<br>Written By: Muhammed Shafi V M (Auditor, On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-31 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 4-2 |
| 3 | നിക്ഷേപപ്രവർത്തികൾ<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 4-7 |
| 8 | ചാർജ്-സർച്ചാർജ് നടപടികളുടെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N.Vijayakumar (Audit Officer (HG), On 31-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: N.Vijayakumar (Audit Officer (HG), On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം-3 | |
| 4 | അനുബന്ധം-4 | |
| 5 | അനുബന്ധം-5 | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 28.03.2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ഗ്രാമ പഞ്ചായത്തിന്റെ പുതുക്കിയ ബഡ്ജറ്റ് പഞ്ചായത്ത് കമ്മറ്റിയുടെ 16.02.2021 ലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രകാരമുള്ള ആകെ വരവ് 143010999/- രൂപയും, ചെലവ് 137051248/- രൂപയുമാണ്.

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും, യഥാർത്ഥ വരവ്-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 143010999 | 67382962 | 75628037 |
| ചെലവ് | 137051248 | 63024410 | 74026838 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 7.56 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 7.4 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2021 | 14.07.2021 | - | - |

പിണ്ടിമന ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസ നിധി (ബാങ്ക് അക്കൌണ്ട് നം-4455) നീക്കിയിരുപ്പും വാർഷിക കണക്കിലെ ഈയിനത്തിലെ നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പ് പാസ്സ് ബുക്ക് പ്രകാരമുള്ളതിനെക്കാൾ 5,000 രൂപ അധികമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഈയിനത്തിലെ വരവും തിരികെ നൽകിയ ഡെപ്പോസിറ്റുകളുടെ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

4. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതി ഓഫീസ് ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്ന അഡ്വാൻസുകളുടെ വിവരങ്ങളും ഈയിനത്തിൽ തിരികെ ലഭിക്കുന്ന തുകയുടെ വിശദാംശങ്ങളും രജിസ്റ്ററിൽ ചേർക്കുന്നില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, പി.ഡബ്ല്യു.ഡി. എന്നീ ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് തുകകൾ വർഷങ്ങൾക്ക് ശേഷവും ക്രമീകരിച്ചിട്ടില്ലാത്തതുമൂലം ഇവ അഡ്വാൻസായി തുടരുകയാണ്. കൂടാതെ സി.ഡി.എസിന് നൽകിയ 5,27,748/- രൂപ, കുടുംബശ്രീ അയൽക്കൂട്ട ഗ്രൂപ്പിന് നൽകിയ 1,82,700/- രൂപ എന്നിവയും ക്രമീകരിച്ചിട്ടില്ല. ഇവയുടെ വിശദവിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

5.ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമായി ബാലൻസ് ഷീറ്റ് ബി ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുക ചെലവഴിക്കുന്നതിനോ പദ്ധതി നടപ്പാകാത്ത സാഹചര്യത്തിൽ തുക തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.

6.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

7. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ,ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions).

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,24,47,396 |
| വരവ് | 6,73,82,962 |
| ആകെ | 7,98,30,358 |
| ചെലവ് | 6,30,24,410 |
| നീക്കിയിരിപ്പ് | 1,68,05,948 |

## 1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8154198 | 8154198 | 8143326 | 0 | 10992 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3580274 | 3580274 | 3580274 | 0 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 123000 | 123000 | 123000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8067000 | 8067000 | 8700479 | 0 | 0 |
| സംരക്ഷണഗ്രാന്റ് -(റോഡിതരം) | 0 | 3456681 | 3456681 | 3456681 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied & UnTied) | 0 | 11462693 | 11462693 | 7548254 | 0 | 3914439 |
| ദുരിതാശ്വാസ നിധി | 86293 | 1786 | 88079 | 79000 | 9079 | |
| കേന്ദ്രാവിഷ്കൃതഫണ്ട്- സമ്പൂർണ്ണ ശുചിത്വം | 67586 | 1581187 | 1648773 | 495283 | 1153490 | |
| 320 200 319-SLWM | 1000000 | 0 | 1000000 | 36000 | 964000 | |
| എൻ.ആർ.ഇ.ജി.എസ്- 320 100 101-Admin.Exp | 0 | 802517 | 802517 | 802517 | 0 | |
| EFMS | 0 | 17656870 | 17656870 | 17656870 | 0 | |
| ICDS | 213130 | 957984 | 1171114 | 494769 | 676345 | |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | | |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 2290 | 260000 | 262290 | 130000 | 132290 | |
| 320 200 311 Flood Relief Grant | 25000 | 0 | 25000 | 0 | 25000 | |
| 320 300 102-Jal Nidhi | 10000 | 0 | 10000 | | 10000 | |
| 320 200 399-CSR Fund | 340000 | 6776790 | 7116790 | 3995585 | 3121205 | |
| 320 300 199 ആശ്രയ-അഗതി രഹിത ഫണ്ട് | 177999 | 176179 | 354178 | 288288 | 65890 | |
| സാക്ഷരത-320 200 309 | 2840 | 88 | 2928 | 0 | 2928 | |
| Joint Venture - Block Panchayat- Revenue Expenditure | 560000 | 0 | 560000 | 560000 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| 320 700 405 Joint Venture – District Panchayat- Reveue | 727127 | 72578 | 799705 | 50000 | 749705 | |
| 320 700 104-Joint Venture – Block Panchayat- Capital Expenditure | 8132 | 0 | 8132 | 0 | 8132 | |
| 320 700 205-Joint Venture – District Panchayat- Revenue Expenditure | 1013599 | 0 | 1013599 | 1011334 | 2265 | |
| 320 700 404-Joint Venture – Block Panchayat- Revenue Expenditure | 350 | 0 | 350 | 0 | 350 | |

ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി 2019- 2020 സാമ്പത്തിക വർഷം മുതൽ ജില്ലാ- ബ്ലോക്ക് പഞ്ചായത്തുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിനാൽ ഈ തുക പഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ (ട്രഷറി എസ്.ബി) അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെടുന്നില്ല. നേരിട്ട് ചെലവഴിക്കുന്ന തുകകൾ റസീപ്റ്റ് & പേമെന്റ് പത്രികയിലെ RP-7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

2020-21 സാമ്പത്തികവർഷം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ

1. വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേമെന്റ് പത്രികയിലെ RP-7 ഷെഡ്യൂളിൽ വിവധയിനം സർക്കാർ ഗ്രാന്റിനങ്ങളിലെ ചെലവ് തുകയോട് ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പ തുകയുടെ തിരിച്ചടവ്, അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം, വാട്ടർ ചാർജ്ജ് കടിശ്ശിക തിരിച്ചടവ് എന്നിവയ്ക്കുവേണ്ടി വികസനഫണ്ടിന്റെ സ്രോതസ്സിൽ തന്നെ ഫണ്ട് കുറവ് വരുത്തൽ, അല്ലെങ്കിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള മറ്റ് ജി.ഒ. പ്രൊജക്ടുകൾക്കുവേണ്ടിയുള്ള ചെലവ് എന്നീ ഇനങ്ങളിൽ വന്നിട്ടുള്ള ചെലവ് കൂടി കൂട്ടിയ തുകയിൽ നിന്ന് ക്യാപിറ്റൽ എക്സ് പെൻഡിച്ചർ ആയ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയശേഷം ബാക്കി വരുന്ന റവന്യൂ എക്സ് പെൻഡിച്ചർ മാത്രമാണ് I-6 ൽ അതത് ഹെഡ് ഓഫ് അക്കൗണ്ടിൽ വന്നിട്ടുള്ളത്.

പിണ്ടിമന ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം ഹഡ്കോ ലോൺ (ലൈഫ് ഭവനപദ്ധതി) പൊതുവിഭാഗത്തിൽ 13,02,627/-രൂപയും ഹഡ്കോ ലോൺ (ലൈഫ് ഭവനപദ്ധതി) എസ്.സി വിഭാഗത്തിൽ 307726/-രൂപയും പൊതുവിഭാഗത്തിൽ അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം 700800 രൂപയും മെയിന്റനൻസ് ഗ്രാന്റിനത്തിൽ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് 35319 രൂപയും ഉൾപ്പെടെ 23,46,472/-രൂപയാണ് ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി മാറ്റിയത്. ഈ തുകയാണ് RP-7 ലെ വികസനഫണ്ട് (പൊതുവിഭാഗം )-ലെ ചെലവും, I-6 ഷെഡ്യൂളിലെ ചെലവും തമ്മിൽ വ്യത്യാസമായി കാണുന്നത്.

2020-21 വർഷത്തിൽ ശുചിത്വ മിഷൻ ഫണ്ടിൽ നിന്ന് ചെലവഴിച്ച 4,11,283/- രൂപ (324927+ 86356), ആസ്തി നിർമ്മിതിക്കുവേണ്ടി MGNREGS ഫണ്ടിൽ നിന്ന് 2539617/- രൂപ ( റോഡ് നിർമ്മാണം) വികസന ഫണ്ട് (ജനറൽ)- 1019493/-രൂപ, വികസന ഫണ്ട് (എസ്.സി.പി)-52,010/-രൂപ, ധനകാര്യകമ്മീഷൻ ഗ്രാന്റ് 5412258/-രൂപ, മെയിന്റനൻസ് ഗ്രാന്റ് (റോഡ്) 1413677/-രൂപ, മെയിന്റനൻസ് ഗ്രാന്റ് (റോഡ്) 435521/- രൂപ എന്നീ ഇനങ്ങളിൽ നിന്ന് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്. ആകെ 1,12,83,859/- രൂപയാണ് തൻവർഷം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത്- എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 199 | 99832469 | 165 | 51236687 | 151 | 14 | 34 | 75.88% |

അംഗീകരിച്ച പദ്ധതികളുടെ 76% നടപ്പിലാക്കി. പ്രത്യേക ഗ്രാന്റുകളല്ലാതെ പഞ്ചായത്തിന് ലഭ്യമായ ഫണ്ടിൽ 39.25 ലക്ഷം രൂപ ചെലവഴിക്കാൻ കഴിഞ്ഞില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 802517 | 802517 | 802517 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (റവന്യൂ-മൂലധന ചെലവുകൾ ഉൾപ്പടെ) | | 17656870 | 17656870 | 17656870 | 0 |
| | 0 | 18459387 | 18459387 | 18459387 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1369600 | 91 |
| വിധവാപെൻഷൻ | 8059300 | 536 |
| വാർദ്ധക്യ കാലപെൻഷൻ | 21039300 | 1511 |
| വികലാംഗപെൻഷൻ | 2500400 | 177 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 223900 | 16 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17825/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.10.2021 | 01/02/21മുതൽ 31/09/21 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2008 | 1997-98മുതൽ 2007-08വരെ | 17.06.2008 |

## 1-10 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

4.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

5.ലൈസൻസ് നൽകുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണറിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല.

6.മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 ഗ്രാമ സഭ - നിയമാനുസൃതം കൂടുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 ഗ്രാമസഭകളും കോവിഡ് പശ്ചാത്തലത്തിൽ 2020- 2021 സാമ്പത്തിക വർഷത്തിൽ ഒരു യോഗം പോലും കൂടിയിട്ടില്ല.

നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്.

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താം.

## 1-12 എഫ് .ടി.ഇ.ഒ -ലൈസൻസ് അപാകതകൾ

GO(P) NO. 80/2017/LSGD ഉത്തരവു പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും പകരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31.10.2017 ൽ നിലവിൽ വന്നിട്ടുള്ളതുമാണ്. പുതുക്കിയ ചട്ടമനുസരിച്ച് 1996 ലെ ചട്ടം 10, പട്ടിക II പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ചുമത്തിയിരുന്നതിന് പകരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾ എന്നായി മാറ്റി അവയ്ക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്ക് നിശ്ചയിച്ച് ഫീസീടാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത് സംബന്ധിച്ച് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല. ഇപ്രകാരം തീരുമാനം എടുക്കാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.9/ 22.10.2021), GO(P) NO. 80/2017/LSGD ഉത്തരവു പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 29.10.2021 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ (അജണ്ട നം. 4) അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്.

## 1-13 ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ

അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ.(എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത് . ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 2/192A | വർഗീസ് ഇ എം, ഇല്ലിക്കൽ | പാർപ്പിടം |
| 2 | 2/323B | നസീമ ഷാജി, പറമ്പിൽ | പാർപ്പിടം |
| 3 | 7/293C | പ്രീജ്ജ ഫ്രാൻസിസ്, മംഗലപ്പിള്ളിൽ | പാർപ്പിടം |
| 4 | 8/198A | ഭാരതിയമ്മ, എടമാത്തിൽ | പാർപ്പിടം |
| 5 | 5/326C | പി വി മോഹനൻ, ജയ പി ജി | പാർപ്പിടം |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 29.10.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 27 ന്, പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും കെട്ടിടങ്ങൾക്ക് ഒറ്റത്തവണ കെട്ടിട നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, മേൽ പറയുന്ന കെട്ടിടങ്ങൾക്ക് ഒറ്റത്തവണ കെട്ടിട നികുതി അടച്ച രസീതിന്റെ പകർപ്പോ, റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖകളോ ലഭ്യമാക്കി ഓഡിറ്റ് മുമ്പാകെ പരിശോധനക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-14 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1)സ്റ്റോക്ക് രജിസ്റ്റർ- വി.ഇ.ഒ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി നല്കുന്ന രസീതുബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തരമായി സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകളും വരുത്തേണ്ടതാണ്.

2) ക്യാഷ് ബുക്ക് - പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ചെലവ് വിവരങ്ങൾ മെഡിക്കൽ ഓഫീസർ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3) ഇലക്ട്രോണിക്ക് ഉപകരണങ്ങളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി സൂക്ഷിക്കുന്നില്ല. പ്രസ്തുത ഉപകരണങ്ങൾക്ക് മൂന്ന്, നാല് വർഷത്തെ വാറണ്ടി നല്കിയിട്ടുള്ളതായതിനാൽ പ്രസ്തുത സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട വിവരങ്ങൾ നിർബന്ധമായും ചേർക്കേണ്ടതുമാണ്.

4) പ്രോജക്റ്റ് രജിസ്റ്റർ- പദ്ധതികൾ സംബന്ധിച്ച ഒരു പ്രോജക്റ്റ് രജിസ്റ്റർ നിർവ്വഹണോദ്യോഗസ്ഥന്മാർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. പദ്ധതിക്ക് എ.സി.ആർ പ്രകാരം വകയിരുത്തിയ തുകയും ആയതിന്റെ ചെലവും ബിൽ സംബന്ധമായ വിവരവും ആയതിൽ രേഖപ്പെടുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥർ ആരും തന്നെ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-15 ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം.

പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2004-05, 2007-08, 2015-16 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ എല്ലാ ഖണ്ഡികകൾക്കും, ഓഡിറ്റ് അദാലത്തിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ടായിരുന്നെങ്കിലും ഭാഗികമായി മാത്രമാണ് അനുബന്ധ രേഖകൾ ഹാജരാക്കുകയും, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നതും. ആയതിനാൽ എല്ലാ റിപ്പോർട്ടുകളിലും തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ ധാരാളം അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ച് കഴിഞ്ഞാൽ

കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. 1996- 97 മുതൽ 2018-19 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ 73 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-16 ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ഒരവലോകനം.

പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിൽ നിന്നും 10 യൂത്ത് വോളന്റിയർമാർ ഉൾപ്പെടെ 130 പേർക്ക് പരിശീലനം നല്കിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള മീറ്റിംങ്ങുകൾ പഞ്ചായത്ത് തലത്തിൽ കൂടിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് തലത്തിൽ പ്രത്യേക പരിഗണന നല്കേണ്ടുന്നവരുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 05 അംഗങ്ങളെ ഉൾപ്പെടുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക്ക് രൂപീകരിച്ചിട്ടുള്ളതും, തനത് ഫണ്ടിൽ നിന്നും ഹെൽപ് ഡെസ്കിന്റെ പ്രവർത്തനങ്ങൾക്കായി 1265/- രൂപ മുടക്കി ഒരു മൊബൈൽ വാങ്ങിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും പഞ്ചായത്ത് കമ്മറ്റികൾ ഓൺ ലൈനായും ഓഫ് ലൈനായും നിയമപ്രകാരമുള്ള ഇടവേളകളിൽ സമ്മേളിച്ചിട്ടുള്ളതാണ്.

ഗുരുതര രോഗം ബാധിച്ചവരുടെ പരിചരണത്തിനായി 2020- 21 സാമ്പത്തിക വർഷം 50000/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും 100000/-റോഡിതര മെയിന്റനൻസ് ഫണ്ടും ചേർത്ത് 150000/-രൂപയുടെ ജീവൻരക്ഷാ മരുന്ന് ലഭ്യമാക്കൽ എന്ന പ്രോജക്ട് രൂപീകരിച്ചിട്ടുള്ളതും, മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ഈ പ്രോജക്ടിൽ നിന്നും 48034/- രൂപയുടെ മരുന്ന് വാങ്ങി നല്കിയിട്ടുള്ളതുമാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി വാർഡ് തല മോണിറ്ററിംങ് കമ്മറ്റി രൂപീകരിച്ചിട്ടുള്ളതും, വാട്ട്സ് ആപ് ഗ്രൂപ്പ് രൂപീകരിച്ച് ആയതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിട്ടുമുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ തൃപ്തികരവുമാണ്. പഞ്ചായത്ത് തലത്തിൽ ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ ആവിഷ്ക്കരിക്കുകയോ, ആയതിന്റെ പ്രവർത്തനങ്ങൾക്കായി ലൈബ്രറികളോ, അംഗനവാടികളോ, കമ്മ്യൂണിറ്റി ഹാളുകളോ ഉപയോഗപ്പെടുത്തിയിട്ടുമില്ല. എഫ്.എൽ.ടി.സി. പഞ്ചായത്തിലെ ചേലാട് ഡെന്റൽ കോളേജ് ഹോസ്റ്റൽ കെട്ടിടത്തിൽ 17.05.2021മുതൽ 11.06.2021 വരെ പ്രവർത്തനം നടത്തിയിരുന്നു. ആയതിലേക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങളും രോഗികൾക്ക് ആവശ്യമായ മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഒരുക്കിക്കൊടുത്തിട്ടുണ്ട്. 29.03.2020 മുതൽ 03.05.2020 വരെ കുടുംബ ശ്രീ മൈക്രോ സംരംഭകയുണിറ്റ് വഴി ഒരു കമ്മ്യൂണിറ്റി കിച്ചൺ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. സംഭാവനയിനത്തിൽ ലഭിക്കുന്ന തുക നിക്ഷേപിക്കുന്നതിനായി സെക്രട്ടറിയുടെ പേരിൽ മുത്തംകുഴി യുണിയൻ ബാങ്ക് ശാഖയിൽ 12.05.2021 ൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതും ആയതിൽ നാളിതുവരെ 98949/- രൂപ സംഭാവനയായി ലഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത തുകയിൽ നിന്നും പിന്നീട് ചെലവ് ഒന്നും തന്നെ നടത്തിയിട്ടില്ല. വാർഡ് തലത്തിൽ ഉപയോഗിക്കുന്നതിന് ആശാപ്രവർത്തകർക്ക് പഞ്ചായത്ത് മുഖേന 13 പൾസ് ഓക്സീമീറ്ററുകൾ വിതരണം ചെയ്തിട്ടുള്ളതും ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്ത് തലത്തിൽ സൂക്ഷിച്ചിട്ടുമുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എഡ്.ഡി.ആർ. ഫണ്ടിൽ നിന്നും രണ്ട് ഘട്ടങ്ങളിലായി 573897/- രൂപ ധനസഹായമായി ലഭിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷം 25 ലക്ഷം രൂപ (വികസന ഫണ്ട്) അടങ്കൽ വരുന്ന സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഒരു പ്രോജക്ട് രൂപീകരിച്ചിട്ടുള്ളതും ആയതിൽ നിന്ന് നാളിതുവരെ 5720/-രൂപ ചെലവഴിച്ചിട്ടുള്ളതാണ്. കൂടാതെ തനത് ഫണ്ടിൽ നിന്ന് 2021 മാർച്ച് 31 വരെ 946437/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പിണ്ടിമന ഗ്രാമപഞ്ചായത്തിൽ നാളിതുവരെ 2820 കോവിഡ് പോസിറ്റീവ് രോഗികൾ ഉണ്ടായിട്ടുള്ളതും അതിൽ 24 പേർ കോവിഡ് രോഗം മൂലം മരണപ്പെടുകയും ചെയ്തിട്ടുണ്ട്. കോവിഡ് വ്യാപനം രൂക്ഷമായ 2021 മെയ്യ് മാസത്തിലെ 03.05.2021, 10.05.2021 തീയതിയിലെ കമ്മറ്റികളിൽ ഓൺലൈനായും, കൂടാതെ എല്ലാ പ്രതിമാസ കമ്മറ്റികളിലും കോവിഡ് പ്രത്യേക അജണ്ടയായി ചേർത്ത് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഏകീകരിക്കുകയും ചെയ്ത് വരുന്നുണ്ട്.

## 1-17 നിയമാനുസൃത ബിൽ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0124/19-20,അടുക്കള മുറ്റത്തെ കോഴിവളർത്തൽ (വനിത) |
| അടങ്കൽ, ഫണ്ട് | 396000 വികസന ഫണ്ട് |

| | |
|---|---|
| ബിൽ നം, തീയതി, ചെലവ് | 15/19-20,72270, 24.04.2020, 14/19-20, 49005, 24.03.2020 ഗുണഭോക്തൃവിഹിതം (ചെലവ്) 198000 121275,ചെക്ക് നം. 2548847,തീയതി 12.05.2020, |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ , പിണ്ടിമന |

വെറ്ററിനറി സർജൻ, പിണ്ടിമന 2019-20 നടപ്പിലാക്കിയ അടുക്കള മുറ്റത്തെ കോഴിവളർത്തൽ എന്ന സ്പിൽ ഓവർ പ്രോജക്ട് 2020-21 സാമ്പത്തിക വർഷത്തിൽ 138/20 അടുക്കള മുറ്റത്തെ കോഴിവളർത്തൽ-വനിത എന്ന പ്രോജക്ട് പ്രകാരം 400 ഗുണഭോക്താക്കൾക്ക് ഒരു കോഴിക്ക് 110 രൂപ നിരക്കിൽ 9 കോഴിക്കുഞ്ഞുങ്ങൾ വീതം വിതരണം ചെയ്യുകയെന്നതാണ് ലക്ഷ്യം. ആയതിനായി ശ്രീ സജ്ജ എം.ഡി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മാന്തോട്ടത്തിൽ എഗ്ഗർ നേഴ്സറിയിൽ നിന്ന് 24.02.2010 ലെ 11ാം നമ്പർ ഇൻവോയ്സ് പ്രകാരം (47-48ദിവസം പ്രായം) 1314 കോഴിക്കുഞ്ഞുങ്ങളും, ശ്രീ ജെയിംസ് വി.കെ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഫാമിലി എഗ്ഗർ നേഴ്സറിയിൽ നിന്ന് 17.02.2020 ലെ 123ാം നമ്പർ ഇൻവോയ്സ് പ്രകാരം 891 കോഴിക്കുഞ്ഞുങ്ങളും, (47-48ദിവസം പ്രായം), ശ്രീ തോമസ് ജോൺ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ട്രൂ ലൈൻ ഫാംസ് എന്ന സ്ഥാപനത്തിൽ നിന്ന് 1395 കോഴിക്കുഞ്ഞുങ്ങളും (47-48ദിവസം പ്രായം) 10.01.2020ലെ 410-ാം നമ്പർ ഇൻവോയ്സ് പ്രകാരവും ആകെ 3600 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടുണ്ട്. ഇതിന് 319275/- രൂപ ആകെ ചെലവ് വന്നിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ബാക്കിയുള്ള 76725/-രൂപയുടെ ചെക്ക് എഴുതിയെങ്കിലും ചെലവ് വന്നതായി കാണുന്നില്ല. 396000/-രൂപ അടങ്കൽ വന്നിട്ടുണ്ടെങ്കിലും 319275/-രൂപയാണ് ചെലവ് വന്നിട്ടുള്ളത്.

